# പഞ്ചസ്തംബങ്ങൾ

aj@vazhi.org

മനുഷ്യചരിത്രത്തോളം പഴക്കമുള്ളതാണ് ദൈവസങ്കല്പവും ദൈവാരാധനയും. അതത് കാലഘട്ടങ്ങളിൽ പലപ്പോഴും ഈ സങ്കല്പങ്ങളും ആചാരക്രമങ്ങളും പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. അതെ സംബന്ധിച്ച പൊതുവായ അഭിപ്രായം ഇതത്രെ: മനുഷ്യജീവിതത്തിൻെറ പൊതുവായ സാഹചര്യങ്ങളുടെ സ്വാധീനങ്ങളിൽനിന്ന് വളർന്നു വന്ന അന്ധവിശ്വാസമത്രെ മതങ്ങളുടെ തുടക്കം. ആ വിശ്വാസം വളർന്നുവന്ന് പരിണാമങ്ങൾക്ക് വിധേയമായി വ്യത്യസ്ത പടികൾ പിന്നിട്ട് പുരോഗമനോന്മുഖമായ രൂപത്തിൽ അത്യുന്നമായ ഒരു സത്യത്തിലുള്ള വിശ്വാസത്തിൻെറ രൂപം പ്രാപിച്ചു.

മേൽപ്രസ്താവത്തിൻെറ ശരിയും തെറ്റും പരിശോധിക്കുകയല്ല ഇവിടെ. മറിച്ച് ദൈവാരാധനയുടെ ആവശ്യകതയെന്തെന്നും അതിൻെറ അടിസ്ഥാനമെന്തെന്നും ഖുർആൻ നിർദ്ദേശിച്ച ആരാധനകൾ ഏതെല്ലാമാണെന്നും പരിശോധിക്കുകയാണിവിടെ.

## *ദൈവാരാധനയുടെ ആവശ്യകത*

ഈ ചോദ്യത്തിന് വളരെ ലളിതമായി ഉത്തരം കണ്ടെത്താം. ഏകദൈവം വെളിപ്പെടുത്തിയ വസ്തുത ഇവയാണ്:

ഒന്ന്, മനുഷ്യനിൽ സദാ ഏകദൈവസ്മരണ നിലനിൽക്കൽ.

രണ്ട്, ദൈവത്തിൻെറ പൊരുത്തവും പാരത്രിക മോക്ഷവും. പാർശ്വനിമിത്തങ്ങളായി പലതും കാണാം. പക്ഷേ, അവ ഈ അടിസ്ഥാനങ്ങൾക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നവയാണ്.

ഖുർആൻെറ ജീവിതവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അത് പഞ്ചസ്തംഭങ്ങളിൽ (നിർബന്ധമായും അനുഷ്ഠിക്കേണ്ട അഞ്ച് അനുഷ്ഠാനങ്ങൾ) പണിതെടുത്ത ഒരു സൗധം പോലെയാണ്. പ്രവാചകൻ മുഹമ്മദ് അതെപ്പറ്റി അങ്ങനെയാണ് പഠിപ്പിച്ചത്. ഒരു ഏകദൈവവിശ്വാസി പ്രസ്തുത അഞ്ച് കാര്യങ്ങളും തൻെറ ജീവിതത്തിൽ നിർബന്ധമായും ആചരിച്ചെങ്കിൽ മാത്രമേ അവൻെറ വിശ്വാസം സാധുവാകുന്നുള്ളൂ. കാരണം, ആ അഞ്ച് കാര്യങ്ങളും ഖുർആനിക ജീവിതവ്യവസ്ഥയുടെ അടിസ്ഥാന സ്തംഭങ്ങളാണ്. സ്തംഭങ്ങൾ ഇല്ലാതായാൽ പിന്നെ കെട്ടിടം നിലനില്ക്കുകയില്ലല്ലോ.

മനുഷ്യൻെറ സംസ്കാരത്തെ രൂപപ്പെടുത്തുകയും അയാൾ ദൈവത്തിന് പ്രിയപ്പെട്ടവനും സമൂഹത്തിൽ ഉന്നതാസ്തിത്വം നല്കി അയാളെ ധീരനും സമാധാനചിത്തനും മനുഷ്യസ്നേഹിയും ആക്കുന്ന പ്രധാന സംഗതിയാണത്.

കർമരഹിതമായ അവസ്ഥയിൽ സങ്കല്പിക്കേണ്ട ഒന്നല്ല വിശ്വാസം. വിശ്വാസമില്ലതെ കർമത്തിനും അടിസ്ഥാനമില്ല. രണ്ടും കൂടിച്ചേരുമ്പോഴുള്ള ജീവിതമാണ് ഒരു ഖുർആനിക പ്രത്യയശാസ്ത്രത്തിന് പൂർണതയേകുന്നത്. കാരണം, മേൽപറഞ്ഞ കാര്യങ്ങൾ ഉണ്ടാകുന്നതിനുള്ള ഖുർആനിൻെറ ശിക്ഷണങ്ങളാണ് പ്രസ്തുത കർമങ്ങൾ. അത് നടപ്പിൽ വരുത്തുമ്പോഴാണ് ഖുർആനിൻെറ ജീവിതദർശനം മുഴുവനാകുന്നത്. അതെങ്ങനെയാണെന്ന് ഓരോന്നിനെ പ്രത്യേകം പഠനവിധേയമാക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും.

## *ഖുർആൻ നിർദ്ദേശിച്ച നിർബന്ധ അനുഷ്ഠാനങ്ങൾ*

ഒന്ന്: വിശ്വാസ പ്രഖ്യാപനം. (ഏകദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്നും അന്ത്യപ്രവാചകൻ മുഹമ്മദ് ദൈവത്തിൻെറ ദൂതനും പ്രവാചകനുമാണെന്നും ഞാൻ ഹൃദയപൂർവം സാക്ഷ്യം വഹിക്കുന്നു എന്ന സമ്മതവും പ്രഖ്യാപനവും.)

രണ്ട്: ഒരു ദിനം അഞ്ച് നേരം നമസ്കാരം അനുഷ്ഠിക്കൽ

മൂന്ന്: സകാത്ത് അഥവാ ദാനധർമം ചെയ്യൽ

നാല്: റമദാനിൽ വ്രതം അനുഷ്ഠിക്കൽ

അഞ്ച്: സാധിക്കുമെങ്കിൽ ജീവിതത്തിലൊരിക്കൽ ഹജ്ജ് നിർവഹിക്കൽ

ഇസ്ലാമിലെ ആരാധനാകർമങ്ങൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കുക യെന്ന പരിമിതാർഥത്തിലല്ല, മറിച്ച് അതിൻെറ ഉദ്ദേശ്യവും ലക്ഷ്യവും ഏറെ വിശാലമാണ്. അവ ലക്ഷ്യമാക്കുന്നത് പ്രധാനമായും നാല് കാര്യങ്ങളാണ്.

എ. മനുഷ്യരിൽ സദാ ദൈവസ്മരണ നിലനിറുത്തുക.

ബി. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും സംസ്കരിച്ചെടുക്കുക.

സി. മനുഷ്യരെ ദൈവിക പൊരുത്തത്തിലേക്കും പരലോക മോക്ഷത്തിലേക്കും ആനയിക്കുക.

ഡി. മനുഷ്യൻെറ ഉന്നമനവും മാതൃകാ സമൂഹത്തിൻെറ നിർമാണവും സാധിക്കുക. ഈ ലക്ഷ്യം സാധിക്കുന്ന രീതിയിൽ തന്നെയാണ് ഖുർആൻ അതിൻെറ കർമങ്ങളെയൊക്കെ സംവിധാനിച്ചു നടപ്പിലാക്കിയിട്ടുള്ളത്.

ഖുർആനിലെ പഞ്ചസ്തംഭങ്ങളെ ലഘുവായി പരിചയപ്പെടാം.

## 1. ശഹാദത്ത് (സാക്ഷ്യം)

ഏകദൈവമല്ലാതെ മറ്റൊരും ദൈവവുമില്ലെന്നും മുഹമ്മദ് ദൈവത്തിൻെറ പ്രവാചകനാണെന്നും ഉള്ള സാക്ഷ്യമാണ് ശഹാദത്ത് എന്ന് മുകളിൽ സൂചിപ്പിച്ചു. ഒരാൾ ഏകദൈവത്തിന് കീഴ്വണങ്ങു ന്നതും തൻെറ എല്ലാം അവന് സമർപ്പിക്കുന്നതും ഈ വിശ്വാസപ്രഖ്യാപനത്തിലൂടെയാണ്. അഥവാ "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദ് റസൂലുല്ലാഹ്." (അല്ലാഹു അല്ലാതെ ഒരു ഇലാഹില്ലെന്നും മുഹമ്മദ് നബി അവൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.) ഇതാണ് വിശ്വാസപ്രഖ്യാപനം. വാക്കുകൾ കൊണ്ടും കർമ്മം കൊണ്ടും അതിന് സാക്ഷ്യം വഹിക്കാത്ത ആർക്കും ഏകദൈവ വിശ്വാസിയാവുകയില്ല.

ഈ വാക്യം ഉച്ചരിക്കുന്നതോടെ ഖുർആൻ നിർദ്ദേശിച്ച നിർബന്ധ അനുഷ്ഠാനകർമങ്ങൾ അയാളുടെ ബാധ്യതയായി.

മനസ്സുകൊണ്ട് വിശ്വസിക്കുന്നതും നാവ് കൊണ്ടത് പ്രഖ്യാപിക്കുന്നതും ഒന്നല്ല. ചിലർ മനസ്സ് അംഗീകരിച്ചേക്കം. പക്ഷേ, തുറന്നുപറയാൻ സാഹചര്യങ്ങളെ ഭയപ്പെട്ടെന്നുംവരാം. എന്നാൽ ഭയപ്പെടാനും സ്നേഹിക്കാനും അർഹൻ ഏകദൈവം മാത്രം.

മനസ്സുകൊണ്ടുള്ള അംഗീകാരം കൊണ്ടുമാത്രം ഒരാൾ ഏകദൈവ വിശ്വാസിയാകുന്നില്ല, നാവ് കൊണ്ടത് പ്രഖ്യാപിക്കുമ്പോഴാണ് വിശ്വാസിയുടെ പദവിയിലേക്ക് അവൻ എത്തുന്നത്. ഈ പ്രഖ്യാപനത്തിൻെറ ഉദ്ദേശ്യം ഖുർആനിൻെറ ജീവിതവ്യവസ്ഥ മൗനമായോ ആളുകളില്ലാത്തിടത്തോ ആചരിക്കേണ്ട ആചാരരീതിയല്ല, മറിച്ച്, ലോകത്തിനു മുമ്പിൽ ആചരിച്ചുകാണിക്കുകയും അതിൻെറ സൽഫലങ്ങൾ അവർക്കും കൂടി അനുഭവിക്കാൻ സാധിക്കത്തക്ക രീതിയിൽ പ്രാവർത്തികമാക്കേണ്ടതുമായ ജീവിതദർശനം എന്നതാണ്.

ഈ വാക്യത്തിൻെറ ആദ്യ ഭാഗം "അല്ലാഹു അല്ലാതെ ഒരു ഇലാഹില്ല" എന്നതാണ്. ഇലാഹ് എന്ന വാക്കിന് ഒറ്റ വാക്കിൽ അർഥം പറയുക സാധ്യമല്ല. പല അറബി പദങ്ങളും അങ്ങനെയാണ്. അതുകൊണ്ടാണ് ഖുർആനിന് പദാനുപദ തർജമ ഇല്ലാതിരിക്കാൻ കാരണം. ഇലാഹിന് ആരാധ്യൻ എന്ന് സാമാന്യമായി പറയാമെങ്കിലും ഉദ്ദേശ്യം വിശാലമാണ്. പ്രപഞ്ചസ്രഷ്ടാവ്, സംരക്ഷകൻ, ഉടമസ്ഥൻ, വിധികർത്താവ്, ഭരണാധികാരി, പരിപാലകൻ, ആഹാരം നല്കുന്നവൻ, അപേക്ഷകളും പ്രാർഥനകളും സ്വീകരിക്കുന്നവൻ, ഭക്തിപുരസ്സരം ആരാധിക്കപ്പെടുന്നവൻ, അഭയമേകുന്നവൻ എന്നൊക്കെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹു തൻെറ ഇലാഹാണെന്ന് ഒരാൾ സമ്മതിക്കുമ്പോൾ മുകളിൽ പറഞ്ഞ അർഥങ്ങളിലെല്ലാം അയാൾ ഏകദൈവത്തെ സമ്മതിക്കുകയും അവൻെറ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുകയും മറ്റെല്ലാ സാങ്കല്പികദൈവങ്ങളിൽനിന്നും മുക്തനാവുകയും വേണം. കാരണം, വിശ്വാസപ്രഖ്യാപനത്തിലൂടെ അയാൾ ദൈവവുമായി ശക്തമായ ഉടമ്പടിയിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്. അതായത്, ഈ കാണുന്ന പ്രപഞ്ചത്തെ ഒരേ ഒരു ദൈവം ഉണ്ടാക്കിയതാണെന്നും അവനല്ലാതെ ദിവ്യത്വത്തിന് അർഹനായി മറ്റാരുമില്ലെന്നും അംഗീകരിക്കുകയാണ് ഒന്നാമതായി ചെയ്യുന്നത്.

രണ്ടാമതായി, പ്രപഞ്ചത്തിലുള്ളതെല്ലാം അവൻേറതാണെന്നും അവൻ തന്നെയാണ് സർവ ചരാചരങ്ങളുടെയും ഉടമസ്ഥനെന്നും, സൃഷ്ടികൾക്ക് ആവശ്യമായ വിഭവങ്ങൾ നല്കി സംരക്ഷിക്കുന്നത് അവനാണെന്നും, മരണവും ജീവിതവും അവൻെറ കൈയിലാണെന്നും, ഇവിടെ ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കുന്നുവെങ്കിൽ അത് അവനിൽനിന്ന് മാത്രമാണ് എന്ന് സമ്മതിക്കലാണ്.

മൂന്നാമതായി, ഭയഭക്തിയോടെ കീഴ്വണങ്ങേണ്ടത് അവനെ മാത്രമാണ്. പ്രാർഥിക്കേണ്ടത് അവനോടു മാത്രം. പ്രതീക്ഷ വെച്ചുപുലർത്തേണ്ടതും അവനോട്. അവൻെറ മാത്രം അടിമയായിരിക്കുക, അവൻെറ മുമ്പിൽ മാത്രം തല കുനിക്കുക, അവൻെറ മുമ്പിൽ മാത്രം കൈ നീട്ടുക. അവൻ ഒഴികെ മറ്റൊരു യജമാനനുമില്ല, അവനൊഴികെ മറ്റൊരു രക്ഷാകർത്താവോ സംരക്ഷകനോ ഇല്ല, അവൻെറ കല്പനകൾക്കൊത്തു ജീവിക്കുകയത്രെ തൻെറ യഥാർഥ കർത്തവ്യം എന്നീ കാര്യങ്ങൾ അംഗീകരിക്കലാണ്.

ഏകദൈവത്തെ അംഗീകരിക്കുന്ന ഒരാൾ ഈ കരാറിൽനിന്ന് പിന്മാറാവതല്ല. കാരണം, അയാളുടെ കരാർ ദൈവവുമായിട്ടാണെന്നതുതന്നെയാണ് കാരണം. അവൻ അതൊക്കെ സസൂക്ഷ്മം വീക്ഷിക്കുകയും രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അതിനവൻ പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ട്.

ലാഇലാഹ ഇല്ലല്ലാഹ് എന്ന വാക്യത്തിനു ശേഷം ഒരാൾ പറയുന്നത് "മുഹമ്മദ് റസൂലുല്ലാഹ്" എന്നാണ്. മുഹമ്മദ്നബി അല്ലാഹുവിൻെറ ദൂതനാകുന്നു എന്നത്രെ പ്രസ്തുത വാക്യത്തിൻെറ അർഥം. അതായത്, പ്രവാചകൻ മുഹമ്മദിനെ തൻെറ നബിയും സന്മാർഗഗുരുനാഥനുമായി അംഗീകരിക്കുകയും ഏകദൈവം അദ്ദേഹം മുഖേന തൻെറ ദാസന്മാർക്ക് നല്കിയ ജീവിതവ്യവസ്ഥയെ തൻെറയും ജീവിതവ്യവസ്ഥയായി അംഗീകരിക്കുകയും ചെയ്തു എന്ന കരാറാണ് അതിലൂടെ ചെയ്യുന്നത്.

ഏകദൈവത്തെ (അല്ലാഹുവിനെ) അംഗീകരിച്ചാൽ പിന്നെ അവൻെറ നിയമങ്ങൾക്കൊത്ത് ജീവിക്കുകയെന്നതാണ് മനുഷ്യൻെറ ബാധ്യത. പ്രസ്തുത നിയമങ്ങൾ എന്തൊക്കെയാണെന്ന് മനുഷ്യനെ പഠിപ്പിക്കാനും അഭ്യസിപ്പിക്കാനുമാണ് പ്രവാചകൻ മുഹമ്മദ് ആഗതനായത്. അദ്ദേഹം ലോകത്തെ ബോധ്യപ്പെടുത്തിയ ജീവിതദർശനത്തെയും സന്മാർഗത്തെയും അണുഅളവും തെറ്റാതെ പന്തുടർന്ന് ജീവിക്കുകയും അതിനെതിരായ സകല വ്യവസ്ഥകളെയും തിരസ്കരിക്കുകയും ചെയ്യുകയത്രെ ഏകദൈവ വിശ്വാ

സിയുടെ ബാധ്യത. അതത്രെ "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദ് റസൂലുല്ലാഹ്" എന്ന സാക്ഷ്യം കൊണ്ട് ഉദ്ദേശിക്കുന്നത്.

## 2. നമസ്കാരം

ഏകദൈവത്തിന് കീഴ്വണങ്ങി അവൻെറ കല്പനകൾക്ക് വിധേയരായി ജീവിക്കുകയത്രെ മനുഷ്യൻെറ ജന്മലക്ഷ്യം. അവനെ കീഴ്വണങ്ങുന്നതിനും വിധേയത്വം പുലർത്തുന്നതിനും അവനെ സംബന്ധിച്ച സ്മരണ നിലനിറുത്തുന്നതിനുമായി ഏകദൈവം പല ആരാധനാരീതികളും നിർണയിച്ചുതന്നിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് നമസ്കാരം. തൻെറ സ്രഷ്ടാവുമായി ഒരു വിശ്വാസി നടത്തുന്ന അഭിമുഖമാണ് നമസ്കാരം. ഈ കർമത്തിലൂടെയാണ് വിശ്വാസി തൻെറ ഒരു ദിനം ആരംഭിക്കുന്നതും ദൈവവുമായുള്ള തൻെറ ബന്ധം പുതുക്കുന്നതും അവനോടുള്ള തൻെറ വിധേയത്വം പ്രഖ്യാപിക്കുന്നത്. (നമസ്കാര രീതി നോക്കുക)

തൻെറ തെറ്റുകുറ്റങ്ങൾ പൊറുത്തുതരണമെന്നും ദൈവത്തിന് ഇഷ്ടകരമായ പാതയിലൂടെ ഉന്നത സംസ്കാരത്തിനുടമയായി ജീവിക്കാൻ ഉതവി നല്കണമെന്നും ജീവിതമാസകലം അവൻെറ അനുഗ്രഹം നല്കണമന്നും വിശ്വാസി ദൈവത്തോട് പ്രാർഥിക്കുന്നതും നമസ്കാരത്തിലൂടെയാണ്. ആ പ്രാർഥനയാണ് ദൈവം പെട്ടെന്ന് അംഗീകരിക്കുക.

നമസ്കാരത്തെപ്പോലെ പ്രധാനപ്പെട്ട മറ്റൊരു കർമ്മവും ഖുർആൻ പരാമർശിക്കുന്നില്ല. അതിലാണ് വിശ്വാസിയുടെ വിധേയത്വ-അനുസരണഭാവങ്ങൾ കുടികൊള്ളുന്നത്. അയാളുടെ അക-പുറങ്ങൾ ഒരുപോലെ അതിൽ പങ്ക് കൊള്ളുന്നുണ്ട്.

ഏകവിശ്വാസിയുടെ ഒന്നാമത്തെ ലക്ഷണം നമസ്കാരമാണ്. ദൈവത്തിൻെറ പരമാധികാരത്തിലും യജമാനത്തത്തിലും വിശ്വസിക്കുന്ന ഒരാൾ ആ വിശ്വാസം നമസ്കാരത്തിലൂടെ പ്രകടിപ്പിക്കുക തന്നെ വേണം. നമസ്കാരത്തിൽ ഒരാൾ തൻെറ യജമാനനോടുള്ള ഭക്തിയും വിധേയത്വവും സമർപ്പണവും അടിമത്തവുമാണ് പ്രകടിപ്പിക്കുന്നതെന്ന് സാരം. മനസ്സിൽ വിശ്വാസം ഉണ്ടെന്നതിൻെറ തെളിവാണ് നമസ്കാരത്തിലെ കൃത്യനിഷ്ഠ. അതുകൊണ്ടാണ് നമസ്കരിക്കാത്തവൻ ദൈവത്തിങ്കൽ വിശ്വാസിയല്ല എന്നു വിധിക്കാൻ കാരണം.

ശരീരത്തിൽ ഹൃദയത്തിനുള്ള സ്ഥാനമാണ് അനുഷ്ഠാനകർമങ്ങളിൽ നമസ്കാരത്തിനുള്ളത്. ഹൃദയം സജീവമാണെങ്കിൽ അത് രക്തചംക്രമണത്തിലൂടെ ശരീരത്തെ ഓജസ്സുള്ളതാക്കി മാറ്റും. അതേസമയം ഹൃദയം നശിക്കുന്നതോടെ ശരീരവും നശിക്കും. ഇതേപോലെയാണ് നമസ്കാരവും. നമസ്കാരം സൂക്ഷ്മതയോടെ നിർവഹിക്കുന്നവൻെറ മനസ്സ് ഓജസ്സുറ്റതായിരിക്കും. അവൻെറ മനസ്സ് ശുദ്ധമായിരിക്കും. ജീവിതം സംസ്കൃതമായിരിക്കും.

"അസ്സ്വലാത്ത്" എന്നാണ് നമസ്കാരത്തിൻെറ അറബിപദം. പ്രാർഥന എന്നത്രെ ഭാഷാപരമായി അതിൻെറ അർഥം. നിർണിതവും കൃത്യവുമായ രീതിയിൽ ഖുർആനും മറ്റു പ്രാർഥനകളും ഉരുവിട്ടുകൊണ്ടുള്ള അനുഷ്ഠാന രീതിയാണത്.

### *പ്രാധാന്യം*

ദൈവസ്മരണ നിലനിറുത്താനുള്ള ശക്തമായ കർമമാണ് നമസ്കാരം. ഞാൻ ദൈവദാസനാണ്, ദൈവത്തിനു മാത്രം കീഴ്വണങ്ങി ജീവിക്കേണ്ടവൻ, അവനെ സദാ ഓർമിച്ചെങ്കിൽ മാത്രമേ പിശാചിൽനിന്നും ദുഷിച്ച ജീവിത ചുറ്റുപാടുകളിൽനിന്നും മ്ളേഛവൃത്തികളിൽനിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ എന്നീ കാര്യങ്ങൾ ഒരാൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ മഹൽകൃത്യത്തിൽ അയാളെ സഹായിക്കുക യത്രെ നമസ്കാരം ചെയ്യുന്നത്.

മനുഷ്യൻ സംസ്കൃതനാവുകയും അവനും അവൻെറ നാഥനും തമ്മിലുള്ള ബന്ധം സുദൃഢമാവുകയും ചെയ്യുകത്രെ അതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. പ്രായപൂർത്തിയായ ഓരോ ഏകദൈവവിശ്വാസിയും നിർബന്ധമായും നമസ്കാരം അനുഷ്ഠിക്കണം. ഒരു ലീഡറുടെ(ഇമാം) കീഴിൽ അനുഷ്ഠിക്കുന്നതാണ് ഉത്തമം. നമസ്കരിക്കുന്നതിന് അംഗശുദ്ധി വരുത്തൽ നിർബന്ധമാണ്. അതോടൊപ്പം വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും ശുദ്ധമായിരിക്കണം.

നമസ്കരിക്കാത്തവൻ വാസ്തവത്തിൽ ദൈവത്തിങ്കൽ വിശ്വാസിയാവുകയില്ല. കാരണം മതത്തിൻെറ മർമ്മ പ്രധാനമായ കൃത്യമാണയാൾ ഉപേക്ഷിച്ചത്. പ്രവാചകൻ മുഹമ്മദിൻെറ കാലത്ത് ഏകദൈവവിശ്വാസിയെയും അല്ലാത്തവരെയും തിരിച്ചറിയാനുള്ള മാധ്യമം നമസ്കാരമായിരുന്നു. കൃത്യനിഷ്ഠയോടെ നമസ്കരിക്കുന്ന ഒരു വിശ്വാസിക്കു മാത്രമേ വാസ്തവത്തിൽ ദൈവത്തിൻെറ എല്ലാ കല്പനകളും ശിരസാവഹിക്കുവാൻ സാധിക്കുകയുള്ളൂ.

### *സാമൂഹിക വശം*

ശ്രദ്ധാർഹമായ ചില സാമൂഹിക വശം കൂടിയുണ്ട് നമസ്കാരത്തിന്. പള്ളിയിൽ ഒരു ലീഡറുടെ (ഇമാം) കീഴിൽ അണിയായി നിന്നുകൊണ്ടാണ് നമസ്കരിക്കുന്നത് എന്നു സൂചിപ്പിച്ചല്ലോ. പ്രസ്തുത അണിയിൽ പാവപ്പെട്ടവനും ധനാഢ്യനും കുബേരനും പണ്ഡിതനും പാമരനും നേതാവും നീതനും തൊഴിലാളിയും തൊഴിലുടമയും ഭരണാധികാരിയും ഭരണീയനും കറുത്തവനും വെളുത്തവനും എന്നുവേണ്ട സമൂഹത്തിലെ നാനാതുറകളിലും ഉള്ളവർ അടുത്തടുത്താണ് നിൽക്കുന്നത്. അവർക്കവിടെ

എന്തെങ്കിലും പ്രത്യേകത ഇല്ല. എല്ലാവരും ഒരു ചീർപ്പിലെ പല്ലുപോലെ തുല്യരാണ്. ഇപ്പോൾ അവരുടെ മനസ്സിൽ ഒരേ വികാരമാണുള്ളത്. ഞങ്ങളെല്ലാം മനുഷ്യരാണ്, ദൈവപ്രീതിയാണ് എല്ലാവരുടെയും ലക്ഷ്യം എന്ന ഒരേ ഒരു വികാരം മാത്രം. നമസ്കാരത്തിൻെറ ഈ അണിയിൽ ആളുകൾ ഏതു വിധത്തിലാണോ ഉള്ളത്, അതേ അവസ്ഥ സാമൂഹ്യജീവിതത്തിലും സംജാതമാകണം എന്നതാണ് നമസ്കാരത്തിൻെറ ഒന്നാമത്തെ ഭൗതിക വശം. അഥവാ സാഹോദര്യം നിലനില്ക്കുന്ന സാമൂഹികാന്തരീക്ഷം ഉണ്ടാകണം. തെറ്റുകുറ്റങ്ങൾ വർജിക്കുകയും പരസ്പരം സ്നേഹിക്കുകയും അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ആദരിക്കുകയും ചെയ്യുന്ന ഉത്തമ സമൂഹത്തിൻെറ നിർമിതി അതിലൂടെ സാധിക്കണം എന്നുതന്നെയാണ് ദൈവം ഇഛിക്കുന്നത്.

നമസ്കാരത്തിൽ ചൊല്ലുന്ന പ്രാർഥനകളിൽ സമൂഹത്തെ മുഴുവനുമായാണ് സ്മരിക്കുന്നത്. "ഞങ്ങളെ നേർമാർഗത്തിലാക്കേണമേ", "മുഴുവൻ സച്ചരിതർക്കും ദൈവത്തിൻെറ അനുഗ്രഹകടാക്ഷങ്ങൾ ഉണ്ടാകട്ടെ" എന്നിങ്ങനെ. ഈ മാനുഷിക പ്രതിപത്തി മുറ്റിനില്ക്കുന്ന ആരാധന മനുഷ്യൻെറ ബാഹ്യാന്തരങ്ങളെ സംസ്കരിച്ചു അവരെ ഒത്തൊരുമയുള്ള സമൂഹമാക്കി മാറ്റാൻ ഏറെ പര്യാപ്തമാണ്.

അഞ്ച് നേരത്തെ നമസ്കാരമാണ് ദൈവം നിർബന്ധമാക്കിയിട്ടുള്ളത്. അവ യഥാക്രമം:

1. ഫജ്ർ നമസ്കാരം. പ്രഭാതം പൊട്ടിവിടരുന്നതിനു മുമ്പാണ് ഇതിൻെറ സമയം.
2. ളുഹ്ർ നമസ്കാരം. സൂര്യൻ ആകാശമധ്യത്തിൽനിന്നും തെറ്റുന്നതു മുതൽ പൂർവാഹ്നം വരെയാണ് ഇതിൻെറ സമയം
3. അസ്വ്ർ നമസ്കാരം. പൂർവാഹ്നം മുതൽ സൂര്യാസ്തമയം വരെയാണ് ഇതിൻെറ സമയം.
4. മഗ്രിബ് നമസ്കാരം. സൂര്യാസ്തമയം മുതൽ അസ്തമയ ശോഭ നീങ്ങുന്നതു വരെയാണ് ഇതിൻെറ സമയം.
5. ഇശാ നമസ്കാരം. അസ്തമയ ശോഭ മാഞ്ഞതു മുതൽ രാത്രിയുടെ ഒന്നാം യാമം വരെയാണ് ഇതിൻെറ സമയം.

## 3. സകാത്ത്

ഇസ്ലാമിൻെറ മൂന്നാമത്തെ അടിസ്ഥാനമാണ് സകാത്ത്. അറബിപദമാണത്. ശുദ്ധി, വളർച്ച എന്നൊക്കെയാണ് അതിൻെറ അർഥം. തങ്ങളുടെ ധനത്തിൽനിന്ന് നിശ്ചിത ഓഹരി ദരിദ്രർക്കും മറ്റു അവകാശികൾക്കും കൊടുത്തുവീട്ടുകയാണതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുമൂലം ആ ധനവും അതോടൊപ്പം കൊടുക്കുന്നയാളുടെ ആത്മാവും പരിശുദ്ധമായിത്തീരുകയും ധനം പരിപാവനമായി വളരുകയും ചെയ്യുണം. ദൈവം നല്കിയ സ്വത്തിൽനിന്ന് അവകാശികളുടെ അവകാശം കൊടുത്തുവീട്ടാതിരുന്നാൽ ആ ധനവും അതോടൊപ്പം ആ ധനത്തിൻെറ ഉടമയും ഒരുപോലെ മലിനമായിത്തീരുന്നു. കാരണം, ധനം തന്നു സഹായിച്ച ദൈവത്തോടുള്ള കൃതഘ്നത എന്ന ദുർവികാരമാണ് അവൻെറ മനസ്സിൽ അടഞ്ഞുകൂടിയിരിക്കുന്നത്.

ഇസ്ലാമിലെ ആരാധനാ കർമങ്ങളൊക്കെത്തന്നെ സ്രഷ്ടാവുമായി ബന്ധപ്പെട്ടതുപോലെ മനുഷ്യനുമായും അത് ബന്ധപ്പെട്ടുനിൽക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതത്രെ സകാത്ത്. അതായത്, മനുഷ്യന് ഒരിക്കലും തൻെറ സഹജീവികളായ മനുഷ്യരോടുള്ള ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കാത്ത വിധം സാമൂഹികബന്ധങ്ങൾ വളരെ ശക്തമാക്കിക്കൊണ്ടാണ് അവനെ സ്രഷ്ടാവ് സൃഷ്ടിച്ചിട്ടുള്ളത്. സമൂഹത്തിലെ അവശരോടുള്ള ബാധ്യത തീർക്കൽ സമൂഹത്തിലെ ധനാഢ്യരുടെ മേൽ നിർബന്ധമായ ജീവിതധർമ്മമാണ്. ഈ ബാധ്യതകളിൽ പ്രധാപ്പെട്ടതാണ് സകാത്ത്.

നമസ്കാരം കഴിഞ്ഞാൽ ഖുർആൻ അനുശാസിച്ച പ്രധാന സ്തംഭമാണ് സകാത്ത്. ഒരു നാണയത്തിൻെറ രണ്ടു ഭാഗം പോലെയാണ് ദൈവികവ്യവസ്ഥ പ്രകാരം നമസ്കാരവും സകാത്തും.

ഖുർആനിക വീക്ഷണപ്രകാരം ധനം ദൈവത്തിൻെറതാണ്. മനുഷ്യൻ അതിൽ പൂർണസ്വാതന്ത്ര്യമില്ലാത്ത കൈകാര്യക്കാരൻ മാത്രമാണ്. അതിനാൽ സമ്പത്ത് തൻെറതല്ലെന്നും ദൈവത്തിൻെറതാണെന്നും അവൻ ആജ്ഞാപിക്കും പ്രകാരമാണത് വിനിയോഗിക്കേണ്ടതെന്നുമുള്ള വസ്തുത മുമ്പിൽ വെച്ചുമാത്രം ധനത്തോട് സമീപിക്കുകയും അതിൻെറ അവകാശികൾക്ക് അത് യഥാവിധം കൊടുത്തു തീർക്കുകയും ചെയ്യുകയത്രെ സമൂഹത്തിലെ സമ്പന്നരുടെ മേൽ ഏകദൈവം നിർബന്ധമാക്കിയിട്ടുള്ളത്.

സമ്പത്തിൽ സകാത്ത് നിർബന്ധമാക്കിക്കൊണ്ട് ദൈവം ധനാഢ്യരെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. തൻെറ മാർഗത്തിൽ ധനത്തെ ബലികഴിക്കുവാൻ തയാറുള്ളവൻ ആരാണ് എന്നതാണ് പരീക്ഷണം. ഏതൊരാൾ തൻെറ ധനത്തിൽനിന്ന് അല്ലാഹുവിൻെറ അവകാശമെടുത്ത് അവൻെറ അടിമകളെ സഹായിക്കുന്നുവോ അവനത്രെ ദൈവത്തിങ്കൽ സ്വീകാര്യൻ.

ശരീരംകൊണ്ടും വാക്കുകൾകൊണ്ടും സഹായിക്കാൻ മനുഷ്യർ മുതിർന്നെന്നു വരാം. ധനത്തോടടുക്കുമ്പോഴാണ് എല്ലാ സ്നേഹവും അപ്രത്യക്ഷമാവുക. അത് ശരിയായ മാനുഷിക വികാരമല്ല. അല്ലാഹു മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ധനവും സൗകര്യവും നല്കിയിട്ടുള്ളത് മനുഷ്യബന്ധങ്ങളിൽ ധനാഢ്യർ എത്രമാത്രം ഭക്തരാണെന്നും മറ്റുള്ളവരുടെ അവകാശങ്ങൾക്കു നേരെ അവരുടെ സമീപനം എന്താണെന്നും പരീക്ഷിക്കുന്നതിനു വേണ്ടിയാണ്.

ലോകത്ത് ആഗതരായ എല്ലാ പ്രവാചകന്മാരോടും അവരുടെ അനുയായികളോടും നമസ്കാരം അനുഷ്ഠിക്കാനും സകാത്ത് നല്കാനും ദൈവം കല്പിച്ചിരുന്നതായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. നമസ്കാരം അനുഷ്ഠിക്കുന്നവനാണ് മുസ്ലിം എന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഇതേ വിധിത

ന്നെയാണ് സകാത്തിൻെറ കാര്യത്തിലും ഉള്ളത്. അത് നല്കാത്തവനെ ഏകദൈവവിശ്വാസിയായി കണക്കാക്കാൻ ആദ്യകാല വിശ്വാസികൾ തയാറായിരുന്നില്ല.

ഒരു ദേശത്തെ മുസ്ലിംകൾ ഒരുമിച്ച് അവരുടെ ധനാഢ്യരുടെ സ്വത്തിൽനിന്നുള്ള ഓഹരി സംഭരിക്കുകയും അത് അതിനർഹരായവരുടെ വീടുകളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് സകാത്തിൻെറ വിതരണരീതി.

സകാത്ത് ഏകദൈവത്തോടുള്ള മനുഷ്യൻെറ ബാധ്യതയാണ്. എന്നാൽ അനർഹർക്ക് ഒരു കാരണവശാലും അതിൽനിന്ന് നല്കാവതല്ല. ഭൗതികതാല്പര്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ടല്ല അത് കൊടുക്കേണ്ടത്. അത്തരം കർമങ്ങൾ ദൈവം സ്വീകരിക്കുകയില്ല.

സകാത്ത് വിശ്വാസികൾക്കു മേൽ അടിച്ചേല്പിക്കുന്ന മതനികുതിയാണെന്ന ഒരു തെറ്റിദ്ധാരണ പൊതുവെ നിലവിലുണ്ട്. അത് ശരിയല്ല. ഖുർആനിക വ്യവസ്ഥയുടെ ആത്മാവാണത്. ദൈവവിശ്വാസം ശരിയാകണമെങ്കിൽ മനസ്സുകൊണ്ടും ശരീരം കൊണ്ടുംമാത്രം ത്യാഗം അനുഷ്ഠിച്ചാൽ പോരാ. ധനം കൊണ്ടും ത്യാഗം  അർപ്പിക്കേണ്ടതുണ്ട്. അതിനു വേണ്ടിയാണ് ദൈവം തന്നെ ഇങ്ങനെ ഒരു വ്യവസ്ഥ നിശ്ചയിച്ചത്. അത് കൊടുക്കാത്തവൻ ദൈവനിഷേധികളാണ്.

### *സകാത്തിൻെറ ലക്ഷ്യം*

സകാത്തിൻെറ  ലക്ഷ്യം വ്യക്തിഗതമാണ്. എന്നാൽ ഏറെ നന്മകളും നേട്ടങ്ങളും സമൂഹത്തിനുമുണ്ട്. സമൂഹത്തിലെ ദരിദ്രർക്ക് ഏറെ ആശ്വസമാണതുകൊണ്ടുണ്ടാകുന്നത്. ധനം ധനാഢ്യരിൽ മാത്രം പരിമിതമാകാതിരിക്കുക എന്നതാണ് അതിൻെറ പ്രധാന സാമൂഹികവശം. ദരിദ്രരും ധനികരും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ അതുമൂലം സാധിക്കും. പിശുക്ക് അകന്ന് സ്വഭാവം പരിശുദ്ധമായിത്തീരും. ദരിദ്രൻെറ പ്രയാസങ്ങളും ജീവിതക്ലേശവും ധനികർക്ക് മനസ്സിലാക്കാനും അന്യരെ സഹായിക്കാനുള്ള മനഃസ്ഥിതി വളർത്തിയെടുക്കാനും അതുമൂലം സാധിക്കുന്നു. ദൈവം തന്നെങ്കിൽ മാത്രമേ തനിക്കും ധനം ഉണ്ടാവുകയുള്ളൂ എന്ന ആത്മീയബോധം അത് മനസ്സുകളിൽ ഊട്ടിവളർത്തുന്നു. സ്വത്തിൽനിന്ന് അവകാശിയുടെ അവകാശം നല്കാതെ കെട്ടിപ്പൂട്ടിവെക്കുന്നവർക്ക് കനത്തഭാഷയിലുള്ള താക്കീതാണ് അല്ലാഹു നല്കിയിട്ടുള്ളത്. ഖുർആൻ പറഞ്ഞു:

*"സ്വർണ്ണവും വെള്ളിയും നിക്ഷേപിച്ചുവെക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതാരോ അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കുക"* (ഖുർആൻ, 9:34)

ധനമോഹമാണ് ഏറെ കുഴപ്പങ്ങൾ ഉണ്ടാക്കിവെക്കുന്നത്. ധനമോഹത്തിൽനിന്ന് രക്ഷനേടുന്ന ഒരാൾക്ക് ഒട്ടേറെ ദൂഷ്യങ്ങളിൽനിന്ന് രക്ഷപ്പെടാനാകും. അതിന് വ്യക്തിയെ സഹായിക്കുന്ന പ്രധാനപ്പെട്ട കർമമാണ് സകാത്ത്. ഈവക കാര്യങ്ങൾ കൊണ്ടാണ് അതിന് ശുദ്ധീകരണം എന്ന അർഥത്തിൽ സകാത്ത് എന്നു പറയുന്നത്.

### *ശ്രദ്ധിക്കേണ്ട വിഷയങ്ങൾ*

1. ഏകദൈവത്തിൻെറ പ്രീതി മാത്രമായിരിക്കണം സകാത്ത് നല്കുന്നവൻെറ ലക്ഷ്യം.
2. അനുവദനീയവും നല്ലതുമായ ധനമാണ് അതിനുപയോഗിക്കേണ്ടത്. നിഷിദ്ധ ധനത്തിൽനിന്ന് സകാത്ത് നല്കാവതല്ല.
3. മികച്ച സാധനങ്ങളായിരിക്കണം നല്കേണ്ടത്.
4. നല്കിയത് എടുത്തുപറയരുത്. പ്രത്യുപകാരം ആഗ്രഹിക്കുകയുമരുത്.

### *ആരാണ് കൊടുക്കേണ്ടത്?*

**എ. സമ്പന്നൻ**

ദാരിദ്ര്യനിർമാർജനത്തിനായി സമ്പന്നരിൽനിന്നെടുത്ത് ദരിദ്രർക്കിടയിൽ വിതരണം ചെയ്യുന്നതാണല്ലോ സകാത്ത്. എന്നാൽ സകാത്ത് നല്കാൻ അർഹരായ സമ്പന്നർ ആരാണ്?

തൻെറയും കുടുംബത്തിൻെറയും ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം, സംരക്ഷണം, മറ്റു അടിസ്ഥാന ആവശ്യങ്ങൾ എന്നിവ പൂർത്തീകരിച്ച ശേഷം മിച്ചവരുമാനമുള്ളവരൊക്കെ സമ്പന്നരാണ്. അത്തരക്കാരുടെ വാർഷികവരുമാനത്തിൻെറ രണ്ടര ശതമാനമാണ് സകാത്തായി നല്കേണ്ടത്. അതെയവസരം കടബാധ്യതയുള്ളവർ സകാത്ത് നല്കൽ നിർബന്ധമില്ല.

**ബി. വിശേഷബുദ്ധിയും പ്രായപൂർത്തിയും ഉള്ളവൻ.**

ഇസ്ലാമിലെ ആരാധനാ കർമങ്ങൾക്കെല്ലാം മൊത്തത്തിലുള്ള വീക്ഷണമാണിത്. കുട്ടികളും ബുദ്ധിസ്ഥിരതയില്ലാത്തവരും ആരാധനാ കാര്യങ്ങളിലും മറ്റു അനുഷ്ഠാനകാര്യങ്ങളിലും ഇളവുകളുള്ളവരാണ്. കുട്ടികൾ പ്രായപൂർത്തി എത്തുന്നതോടെ  ഈ ഇളവ് ഇല്ലാതെയാകും. എന്നാൽ കുട്ടികൾ സകാത്ത് നല്കാൻ മാത്രം ധനാഢ്യരാണെങ്കിൽ അവരുടെ കൈകാര്യക്കാർ ആ സ്വത്തിലുള്ള സകാത്ത് നല്കേണ്ടതുണ്ട്.

**സി. ഉടമാവകാശം ഉള്ളവൻ**

കടബാധിതന് സകാത്ത് നിർബന്ധമല്ലാത്തതുപോലെ ധനത്തിനു മേൽ പൂർണ ഉത്തരവാദിത്തമോ അവകാശമോ ഇല്ലാത്തവനും സകാത്ത് നിർബന്ധമില്ല. പലിശധനം, കൈക്കൂലി, കളവുമുതൽ, പിടിച്ചു പറിച്ചത് ഇവയിലൊന്നിൽനിന്നും സകാത്ത് നല്കാൻ പാടില്ല. കാരണം, അതിൻെറ ഉടസ്ഥത ശരിയായ രീതിയിലുള്ളതല്ല. അതുപോലെ ഏതെങ്കിലും സ്ഥാപനത്തിന് ദാനം ചെയ്തതും തൻെറ പക്കൽ മറ്റാരെങ്കിലും സൂക്ഷിക്കാൻ ഏല്പിച്ചതുമായ ധനത്തിൽനിന്നും സകാത്ത് കൊടുക്കാൻ പാടില്ല. കിട്ടാനുള്ള ധനത്തിന് അത് കൈയിൽ വന്നശേഷമല്ലാതെ സകാത്ത് നിർബന്ധമില്ല.

**ഏതെല്ലാം സാധനങ്ങൾക്ക് സകാത്ത് നല്കണം?**

ഒന്ന്, ഭൂമി ഉല്പാദിപ്പിക്കുന്ന ധാന്യങ്ങൾ, ഫലവർഗങ്ങൾ
രണ്ട്, കാലികൾ
മൂന്ന്, സ്വർണം, വെള്ളി
നാല്, കച്ചവടച്ചരക്കുകൾ
അഞ്ച്, ഖനിജങ്ങൾ.

**സകാത്തിൻെറ സമയം**

കാർഷിക വിളകൾ കൊയ്തെടുക്കുമ്പോഴാണ് സകാത്ത് കൊടുക്കേണ്ടത്. എന്നാൽ മറ്റെല്ലാ ധനവും നിശ്ചിത പരിധിയെത്തി, ഒരു വർഷം തൻെറ പക്കൽ ഇരുന്ന ശേഷമേ സകാത്ത് നിർബന്ധമാവുകയുള്ളൂ. പരിധി എന്നതുകൊണ്ട് അർഥമാക്കുന്നത് അത് കൊടുക്കാൻ നിർബന്ധമാകുന്ന പരിമാണത്തിനാണ്. അതായത്, വെള്ളിയുടെ പരിധി 595 ഗ്രാമും സ്വർണ്ണത്തിൻെറത് 85 ഗ്രാമും ആണ്. പക്ഷേ, ധനത്തിൻെറ ആധുനിക മാനദണ്ഡം സ്വർണമായതിനാൽ 45,000 രൂപക്കുള്ള സ്വർണമോ വെള്ളിയോ മറ്റോ ഒരാളുടെ കൈവശമുണ്ടെങ്കിൽ അതിൽനിന്ന് വർഷം രണ്ടര ശതമാനം സകാത്ത് കൊടുക്കൽ നിർബന്ധമാണ്. ഇതേ പരിധി തന്നെയാണ് കച്ചവടത്തിനുമുള്ളത്. അതും വർഷം തികഞ്ഞതിനു ശേഷമാണ് ബാധകമാവുക. എന്നാൽ കച്ചവടം തുടങ്ങാൻ ഒരുക്കൂട്ടിയ ധനം 45000 രൂപയുണ്ടെങ്കിൽ അതിന് ആദ്യമേ സകാത്ത് നല്കിയിരിക്കണം. പിന്നീട് കച്ചവടം തുടങ്ങി ഒരു വർഷം തികഞ്ഞാലാണ് സകാത്ത് നിർബന്ധമാവുക

ചുരുക്കത്തിൽ സമ്പത്തിൻെറ സംസ്കരണമാണ് സകാത്ത്. സാമ്പത്തിക വിഷമമനുഭവിക്കുന്ന വ്യക്തികളെ സഹായിച്ചുകൊണ്ട് അവരുടെ വിഷമതകൾ പരിഹരിക്കുന്നതിന് സമൂഹത്തെ സജ്ജമാക്കുവാനായി ഖുർആൻ നടപ്പാക്കിയ ആരാധനയാണത്. ധനികൻെറ ഔദാര്യം എന്ന നിലക്കല്ല ദരിദ്രൻെറ അവകാശം എന്ന നിലക്കാണ് ഖുർആൻ അതിനെ കാണുന്നത്. അതിനാലാണ് സകാത്ത് യഥാവിധം നല്കാത്തവനിൽ നിന്നത് പിടിച്ചെടുക്കാൻ ഉത്തരവാദപ്പെട്ടവരോട് വിശിഷ്യാ ഭരണകൂടത്തോട് ഖുർആൻ ആവശ്യപ്പെട്ടത്. ധനപൂജയും സ്വാർഥതയും ദൂരീകരിച്ച് പരോപകാര മനസ്സും ത്യാഗമനഃസ്ഥിതിയും വളർത്തുകയും മനുഷ്യനെയും ധനത്തെയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ശക്തമായ ഒരു ആരാധനയാണത്.

**4. വ്രതം**

ഖുർആൻ അനുശാസിച്ച പ്രധാനപ്പെട്ട ആരാധനാകർമ്മമാണ് വ്രതം. റമദാൻ മാസമാണ് വ്രതം അനുഷ്ഠിക്കാൻ സ്രഷ്ടാവ് നിശ്ചയിച്ച സമയം. ചാന്ദ്രികവർഷത്തിലെ 9-മത്തെ മാസമാണത്. മനുഷ്യൻെറ ആത്മസംസ്കരണാർഥം ഏകദൈവം സംവിധാനിച്ച മഹത്തായ കർമ്മമാണ് വ്രതം. ആത്മശുദ്ധി കൈവരിച്ച് ജീവിതകാലമത്രയും ദൈവത്തെ സൂക്ഷിച്ചു ജീവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കാനാണ് അവനത് നിർബന്ധമാക്കിയിട്ടുള്ളത്.

മനസ്സാണ് പ്രധാനം. അത് സംസ്കരിക്കപ്പെട്ടെങ്കിലേ ഏകദൈവത്തിന് കീഴ്വണങ്ങി ജീവിക്കാൻ മനുഷ്യന് സാധിക്കുകയുള്ളൂ. പക്ഷേ, മനസ്സ് എങ്ങനെ സംസ്കരിക്കപ്പെടും? അതിനുള്ള പ്രധാന വഴിയാണ് വ്രതം. ഒരേ സമയം ആത്മാവിൻെറ ശുദ്ധീകരണവും ജഢികേഛകളുടെ നിയന്ത്രണവും വശമാക്കുകയാണത്. അതിനു വേണ്ടി ലോകത്തുള്ള എല്ലാ ഏകവിശ്വാസികളും റമദാൻ മാസം മുഴുവൻ വ്രതമനുഷ്ഠിക്കുന്നു.

വൈരുദ്ധ്യത്തിലാണ് വ്രതത്തിൻെറ പൂർണത. എന്നാൽ അത് നിഷേധാത്മകമല്ല, ജഢികതാല്പര്യങ്ങളിൽനിന്നുള്ള പുറംതിരിഞ്ഞുനില്പു മാത്രം. ദൈവാനുരാഗത്തിൻെറയും നിശ്ചയദാർഢ്യത്തിൻെറയും പ്രകടനമാണത്. അതിനാലാണ് വ്രതക്കാരൻ വ്രതാവസ്ഥയുടെ സ്വകാര്യതയിൽ പോലും അന്ന-പാനീയങ്ങളും ജഢികേഛകളും വർജിക്കുന്നത്. സദാ സമയവും തൻെറ സ്രഷ്ടാവ് തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന ബോധമാണത്. അതത്രെ ഒരു വിശ്വാസിയെ വ്രതാനുഷ്ഠാനത്തിന് പ്രേരിപ്പിക്കുന്നത്. അതേ ബോധം അവൻെറ ജീവിതകാലം മുഴുവൻ നിലനില്ക്കുന്നു.

സൗം എന്നാണ് അറബി ഭാഷയിൽ നോമ്പിന് പറയുന്നത്. പിടിച്ചുനിർത്തുക എന്നാണ് അതിൻെറ അർഥം. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രഭാതം മുതൽ സൂര്യാസ്തമയം വരെ അന്ന-പാനീയങ്ങളിൽ നിന്നും ശാരീരികതാല്പര്യങ്ങളിൽനിന്നും മറ്റു ദേഹേഛകളിൽനിന്നും ശരീരത്തെയും മനസ്സിനെയും പിടിച്ചു നിർത്തി ഏകനായ ദൈവത്തിന് ചെയ്യുന്ന ആരാധനയാണ് വ്രതം. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന ഈ പരിശീലനത്തിലൂടെ ജീവിതം സംശുദ്ധമാക്കാനും അതുവഴി ആത്മീയവിശുദ്ധി കൈവരിക്കാനും മനു

ഷ്യന് സാധിക്കുന്നു. ഈ ഉദ്ദേശ്യാർഥമാണ് ലോകത്തെ എല്ലാ ജനവിഭാഗങ്ങൾക്കും ദൈവം വ്രതം നിർബന്ധമാക്കിയിരുന്നത്. അഥവാ, ദൈവികമായ എല്ലാ ജീവിതവ്യവസ്ഥകളിലും നമസ്കാരവും നോമ്പും അതത് കാലഘട്ടങ്ങളിൽ നിർബന്ധമാക്കിയിരുന്നു.

### *പരാമർശമർഹിക്കുന്ന ചില മാനുഷികമുഖം.*

ഖുർആൻ അനുശാസിച്ച ആരാധനകൾ ദൈവത്തെ പ്രസാദിപ്പിക്കാൻ മാത്രമുള്ളതല്ല. വ്യക്തി ആത്മീയമായി സംസ്കരണം നേടുന്നതോടൊപ്പം അതിൻെറ ഭൗതികഫലം സമൂഹത്തിന് ഉപകരിക്കണം എന്ന ഭൗതികവശം കൂടി അതിനുണ്ട്.

വ്രതത്തെ ശ്രദ്ധിക്കുക. കഷ്ടപ്പാടും പ്രയാസങ്ങളും അനുഭവിക്കുമ്പോഴാണ് സുഖത്തിൻെറ വില അറിയുക. ദുരിതമനുഭവിക്കുന്നവൻെറ പ്രയാസം അറിയാനും അതുതന്നെ വഴി. അതറിയാത്തവന് വിശക്കുന്നവൻെറ തോഴനാവാൻ പറ്റില്ല. അതറിഞ്ഞു ഇല്ലാത്തവനെ സഹായിക്കണം.

പിശുക്ക് ഇല്ലാതാക്കി ഔദാര്യശീലം വളർത്തിയെടുക്കുകയും ധനികനെയും ദരിദ്രനെയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു വ്രതം.

സഹജീവിയോട് കരുണ കാണിക്കൽ ആത്മാവിൻെറ വികാരവും ധർമവുമാണ്. പക്ഷേ, സംസ്കരിക്കപ്പെടാത്ത മനസ്സിൽനിന്ന് എങ്ങനെയാണ് ഈ ആത്മബോധം ഉണ്ടാവുക?

മനുഷ്യർ ആദരണീയരാണ്. പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിക്കേണ്ടവരുമാണ്. ഈ സാഹോദര്യ-സഹാനുഭൂതിയുടെ ഉത്തമ ബോധവും വികാരവും മനുഷ്യരിൽ എങ്ങനെ വളർത്തിയെടുക്കും?

പാരസ്പര്യങ്ങളിൽ ക്ഷമിക്കാനും പൊറുക്കാനും മനുഷ്യന് സാധിക്കുന്നത് എപ്പോഴാണ്? മനസ്സുകൾ സംസ്കരിക്കപ്പെടുകയും മാനുഷികപ്രതിപത്തി വളരുകയും ചെയ്യുമ്പോഴാണത്. പക്ഷേ, അതെങ്ങനെ വളർത്തിയെടുക്കും?

മേൽ പറഞ്ഞ കാര്യങ്ങൾ വ്യക്തിയിൽ വളർത്തിയെടുക്കാൻ ഇസ്ലാമിലെ വ്രതം ഏറെ ഉപയുക്തമാണ്. അത്തരം സാമൂഹികാന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിന് വ്രതം ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കാരണം, ഖുർആൻെറ വീക്ഷണത്തിൽ മനുഷ്യർ ഒന്നാണ്.

ഈദൃശ വികാരത്തോടെ ജീവിക്കുന്ന നാടും നഗരവും രാജ്യവും എത്രമേൽ ശാന്തി നിറഞ്ഞതായിരിക്കും? അതത്രെ കാലഘട്ടത്തിൻെറ ആവശ്യം.

ഒന്നുകൂടിയുണ്ട്. ലോകത്തിനുള്ള ദൈവികദാനം ഭൂമിയിൽ പ്രസാദിച്ച മാസം കൂടിയാണ് റമദാൻ-ഖുർആൻ അവതരിച്ച മാസം. മനുഷ്യവിമോചനത്തിനുള്ള ഉത്തുംഗപാഥേയമത്രെ അത്. റമദാനിലെ അവസാന രാവുകളിൽ ഒന്നിലാണ് അതിൻെറ അവതരണത്തിന് ആരംഭമുണ്ടായത്.

സത്യാസത്യവിവേചകവും ലോകർക്കുള്ള മാർഗദർശനവുമായിട്ടാണ് ഖുർആൻ അവതരിച്ചത്. മനുഷ്യജീവിതത്തിനുള്ള നിയമനിർദ്ദേശങ്ങൾ കൂടിയാണത്. പ്രവാചകൻ മുഹമ്മദിലൂടെയാണത് ലോകത്ത് അവതീർണമായത്. ലോകരെല്ലാം അതിൻെറ അവകാശികളാണെന്ന് ദൈവം പ്രഖ്യാപിക്കുകയുണ്ടായി.

## 5. ഹജജ്

ഖുർആൻ നിർബന്ധമാക്കിയ നിർബന്ധ ആരാധനാ കർമ്മമത്രെ ഹജ്ജ്. "സന്ദർശനം ഉദ്ദേശിക്കുക" എന്നത്രെ ഹജ്ജ് എന്ന വാക്കിൻെറ അർഥം. ഭൂമിയുടെ നാനാ ഭാഗങ്ങളിലുള്ള ഏകദൈവവിശ്വാസികൾ മക്കയിലെ വിശുദ്ധ കഅ്ബയെ സന്ദർശിക്കുവാനുദ്ദേശിച്ച് അവിടേക്ക് പോകുന്നതുകൊണ്ടാണ് അതിന് അങ്ങനെ നാമകരണം ചെയ്തിരിക്കുന്നത്.

ഹജ്ജ് ഇസ്ലാമിലെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേതാണെങ്കിലും അതിന് പ്രാധാന്യം ഏറെയാണ്. അതിന് പ്രതിഫലം നിശ്ചയിച്ചേടത്തും ഈ പ്രത്യേകത കാണം. എന്തുകൊണ്ടങ്ങനെ സംഭവിച്ചു? അതിനു മാത്രം എന്താണ് ഹജ്ജ്? ആത്മീയ തലത്തിലും സ്വഭാവചര്യകളിലും അതെത്ര മാത്രം സ്വാധീനം ചെലുത്തുന്നുണ്ട്? ഈ വിഷയങ്ങളെ അപഗ്രഥിക്കാതെ ഹജ്ജിൻെറ പഠനം പൂർണമാവുകയില്ല.

ലോകത്തെ ഏകദൈവവിശ്വാസികളുടെ കേന്ദ്രമാണ് കഅ്ബ. 4500 വർഷങ്ങൾക്കു മുമ്പ് മഹാനായ ഇബ്റാഹീം നബിയും (എബ്രഹാം) മകൻ ഇസ്മായീൽ നബിയുമാണ് ദൈവകല്പനയാൽ അത് പണിതത്. ഖഅ്ബാ നിർമാണം പൂർത്തിയായപ്പോൾ അവിടെവെച്ച് ഹജ്ജ് നിർവഹിക്കാൻ അല്ലാഹു ഇബ്റാഹീം നബിയോട് കല്പിച്ചു. അല്ലാഹു അതിനെ ജനങ്ങൾക്ക് സമ്മേളന കേന്ദ്രവും അഭയസങ്കേതവുമാക്കി നിശ്ചയിച്ചു. ഏകദൈവവിശ്വാസത്തിൻെറയും ദൈവാരാധനയുടെയും കേന്ദ്രമാക്കി അതിനെ നിശ്ചയിച്ചു. അതിനാൽതന്നെ അത് അനുഗ്രഹത്തിൻെറ മന്ദിരം കൂടിയായി.

ഏകദൈവവിശ്വാസികൾ ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രസ്തുത കേന്ദ്രത്തോട് ബന്ധപ്പെടുകയും അവിടെ സമ്മേളിച്ച് തങ്ങളുടെ ജീവിതവും സംസ്കാരവും ഒന്നാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തും വിധം ആ കേന്ദ്രത്തെ പ്രദക്ഷിണം വെക്കുകയും ചെയ്യണം.

ഹജ്ജിൽ പ്രധാനമായും മൂന്നു മഹാ മനുഷ്യർ ഓർമിക്കപ്പെടുന്നുണ്ട്. മഹാനായ ഇബ്റാഹീം നബി, മകൻ ഇസ്മായീൽ നബി, ഹാജറാ ബീവി എന്നിവരാണവർ. അവരെ ഓർക്കാതെ ഹജ്ജ് പൂർണമാകുന്നില്ല. കാരണം, അവരെ സംബന്ധിച്ച സ്മരണകളുടെ അയവിറക്കൽ കൂടിയാണ് ഹജ്ജിലെ കർമങ്ങളിലുള്ളത്.

ഹജ്ജ് ഏകവിശ്വാസികളുടെ സാർവലൗകിക സമ്മേളനമാണ്. ധനം, ശരീരം, ബുദ്ധി, യാത്രാമാർഗം എന്നിവ ഉള്ള ഒരാൾ ജീവിതത്തിൽ ഒരിക്കൽ ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്. ഭൂമിയിലെ എല്ലാ മതവിഭാഗങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഈ ആരാധനാരീതി. ഒരേ വിശ്വാസത്തോടും ചിന്താഗതിയോടും ഒരേ രീതിയിലുള്ള പ്രാർഥന-മന്ത്രങ്ങളോടും കൂടി വിശ്വാസികളെ ഒരേ രീതിയിലുള്ള വസ്ത്രത്തിൽ, ഒരു സ്ഥലത്ത് നിഷ്കളങ്ക ഹൃദയത്തോടും മാനസിക ഐക്യത്തോടും ഒരേ ഉദ്ദേശ്യത്തോടെയും ഒരുമിച്ചുകൂട്ടുന്ന ഈ രീതി ഖുർആനികവ്യവസ്ഥയിലല്ലാതെ മറ്റേതൊരു പ്രത്യയശാസ്ത്രത്തിലും കാണാൻ സാധിക്കില്ല. അവരെല്ലാം അവിടെ വെച്ച് ചെയ്യുന്നത് ഒരേ കർമം മാത്രമാണ്. ഒരേ ഒരു നേതാവാണ് അവർക്കവിടെ ഉണ്ടാവുക. ഉരുവിടുന്നതും ഒന്നുമാത്രം. ലോകത്ത് സമാധാനം നിലനിർത്താനുള്ള ശാശ്വതമയ ഒരേർപ്പാടാണിത്. മനുഷ്യലോകത്തെ ഏകോദര സഹോദരന്മാരും സഹകാരികളുമാക്കാൻ ഇതിനെക്കാൾ മികച്ച രീതിശാസ്ത്രം വേറെയില്ല.

ഏകദൈവത്തിനുള്ള അടിമത്തത്തിൻെറ സമഗ്രഭാവം ഉൾക്കൊള്ളുന്ന ആരാധനയാണ് ഹജ്ജ്. എല്ലാ ആരാധനകളുടെയും ചൈതന്യം ഉൾക്കൊണ്ട ഒരു ആരാധന കൂടിയാണ് ഹജ്ജ്.

ദൈവത്തെ സദാ ഓർക്കാനുള്ള കർമമാണ് നമസ്കാരം. ഹജ്ജിലും ദൈവം സദാ ഓർക്കപ്പെടുന്നുണ്ട്. സകാത്തിൻെറ രൂപവും ഹജ്ജിൽ കാണാം. ബലിയറുക്കപ്പെടുന്ന മൃഗങ്ങളുടെ മാംസം ദരിദ്രർക്ക് നല്കണമെന്നാണ് ദൈവകല്പന. നോമ്പിൻെറ രൂപവും അതിൽ കാണാം. നോമ്പുകാരന് പകൽ സമയത്ത് ഭാര്യാസംസർഗം നിരോധിക്കപ്പെട്ടിട്ടുണ്ട്. ഹജ്ജ് വേളയിൽ പകലിലും രാവിലും അത് വിരോധിക്കപ്പെട്ടിരിക്കുന്നു. ഇതാണ് ഹജ്ജിന് ഇത്രമാത്രം പ്രാധാനം കൈവരാനുണ്ടായ കാരണം.

## *ഹജ്ജിൻെറ സദ്ഫലങ്ങൾ*

എന്താണ് ഹജ്ജ്? ആത്മീയ തലത്തിലും സ്വഭാവചര്യകളിലും അതെത്ര മാത്രം സ്വാധീനം ചെലുത്തുന്നുണ്ട്?

ഹജ്ജ്, മനസ്സിൽ ദൈവഭയവും സ്നേഹവും വർധിപ്പിക്കുകയും അവൻെറ ആജ്ഞകൾക്കൊത്ത് ജീവിക്കാനുള്ള സന്നദ്ധത വർധിപ്പിക്കുകയും ചെയ്യുന്നു. ഭക്തിയും കർത്തവ്യബോധവും വർധിപ്പിക്കുന്നു. കാരണം, സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തമായി ഊട്ടിയുറപ്പിക്കുന്ന രീതിലാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്.

സ്വാർഥത്തിൽനിന്നും ദേഹേഛയിൽനിന്നും മനസ്സിനെ സംശുദ്ധമാക്കി ജീവിതത്തെ നന്മയുറ്റതാക്കുന്നു. പാപങ്ങളിൽനിന്നും ജീവിതത്തെ സുരക്ഷിതമാക്കിനിർത്താനുള്ള ആവേശം ഹൃദയത്തിൽ നിറയുന്നു. ബഹുദൈവത്വത്തിൻെറയോ ദുഷിച്ച ചിന്തകളുടെയോ ചെറിയ വികാരം പോലും മനസ്സിൽ പ്രവേശിക്കാത്ത രീതിയിൽ വിശുദ്ധിയുടെ അന്തരീക്ഷമാണ് അവിടെ സംജാതമാകുന്നത്. അതിനാൽ തന്നെ ജിഹാദിൻെറ പ്രത്യക്ഷരൂപം കൂടിയാണ് ഹജ്ജ്.

വിശ്വാസത്തോടും തദൃശജീവിതത്തോടും സുദൃഢബന്ധവും അതിനു വേണ്ടി ത്യാഗം അനുഷ്ഠിക്കാനുള്ള കരുത്തും ഉണ്ടാക്കിയെടുക്കുന്നു. കാരണം, വിശുദ്ധനായ ഇബ്റാഹീമിനെ അനുകരിച്ച് കർമം ചെയ്ത് ആത്മീയോന്നതി കൈവരിക്കുകയാണ് അവിടെ വെച്ച് ചെയ്യുന്നത്.

ജനങ്ങളുമായുള്ള ബന്ധം നന്നാക്കുന്നതിനും ഇടപാടുകളിൽ മാന്യതയും വിശുദ്ധിയും കൈകൊള്ളുന്നതിനും അത് പ്രേരണ നല്കുന്നു.

ദരിദ്രരോട് സഹാനുഭൂതിയും സഹകരണമനോഭാവവും അത് വളർത്തിയെടുക്കുന്നു.

വ്യക്തിയുടെ മനസ്സിൽ എപ്പോഴും മരണാനന്തര ജീവിതത്തെ സംബന്ധിച്ച സ്മരണ ഉണ്ടാക്കുകയും അതുമുഖേന കർമങ്ങളിലും ബന്ധങ്ങളിലും സംസ്കരണം കൈക്കൊള്ളാൻ അയാൾ നിർബന്ധിതനാവുകയും ചെയ്യുന്നു.

തൻേത് മുഴുവൻ ദൈവത്തിൻെറതാണ്, അതിനാൽ അവൻെറ പൊരുത്തത്തിനും നിർദ്ദേശങ്ങൾക്കുമനുസരിച്ചു മാത്രമേ പ്രവർത്തിക്കാവൂ എന്ന ചിന്ത അയാളുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുകയും ചെയ്യുന്നു.